

# അമ്മമാർക്കും ബഡ്സിലൂടെ ഉപജീവന പദ്ധതികൾ




എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ


ബഡ്സ് സ്കൂളുകളെക്കുറിച്ചും കലോത്സവത്തെക്കുറിച്ചും കുട്ടികൾക്കായുള്ള ഉപജീവന പദ്ധതികളെക്കുറിച്ചുമെല്ലാം Making an Impact 30, Making an Impact 107, Making an Impact 108 എന്നീ ലേഖനങ്ങളിൽ വായിച്ചുവല്ലോ. ബഡ്സ് സ്ഥാപനങ്ങളിലെ ചില കുട്ടികളുടെ കൂടെ അമ്മമാരും വരാറുണ്ട്. കുട്ടിയ്ക്കാവശ്യമായ പരിചരണം നൽകുന്നതിന് അധ്യാപകരെ സഹായിക്കാനും കൂടുതൽ ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക് അത് നൽകാനുമൊക്കെയാണ് ചില അമ്മമാർ ബഡ്സ് സ്ഥാപനങ്ങളിൽ കൂടെ നിൽക്കാറ്.

ഇങ്ങനെ രാവിലെ മുതൽ വൈകുന്നേരം വരെ സ്കൂളിൽ കൂടെ നിൽക്കുന്ന അമ്മമാർക്ക് ഒരു തൊഴിലിൽ ഏർപ്പെട്ട് കർമ്മനിരതരാകാനും വരുമാനമുണ്ടാക്കാനും സഹായിക്കണമെന്ന ഉദ്ദേശ്യത്തോട് കൂടിയാണ് ബഡ്സ് സ്ഥാപനങ്ങളിൽ കുട്ടികളുടെ കൂടെ നിൽക്കുന്ന അമ്മമാർക്ക് തൊഴിൽ പരിശീലനവും സംരംഭങ്ങളും തുടങ്ങാൻ സാ



ഹചര്യം ഒരുക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചത്. എല്ലാ ദിവസവും മുഴുവൻ സമയവും സാധ്യമല്ലെങ്കിലും ചില ദിവസങ്ങളിൽ കുറച്ച് സമയം മാത്രം ചെലവഴിച്ചാൽ മതിയാകുന്ന കുട നിർമ്മാണം, ബാഗ് നിർമ്മാണം, തയ്യൽ തുടങ്ങിയ ഉപജീവന പ്രവർത്തനങ്ങളിലാണ് ഇത്തരത്തിൽ ഞങ്ങൾ പരിശീലനം നൽകിയത്.

ആദ്യഘട്ടത്തിൽ മലയാള മനോരമയുടെ ധനസഹായത്തോടെ കാസർഗോഡ് ജില്ലയിലാണ് ഈ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബഡ്സ് സ്ഥാപനത്തിൽ 9 അമ്മമാർക്ക് വേണ്ടി ബാഗ് നിർമ്മാണം, കുട നിർമ്മാണം എന്നിവയിൽ പരിശീലനം നൽകി സംരംഭങ്ങൾ രൂപീകരിച്ചു. തുടർന്ന് പെരിയ ബഡ്സിൽ 4 പേർക്കായി കുട നിർമ്മാണം, ബാഗ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം എന്നിവയിൽ പരിശീലനം നൽകി. ആദ്യഘട്ടമായി കെഎസ്എഫ്ഇയിൽ നിന്ന് ലഭിച്ച 10,000 കുടയുടെ ഓർഡർ ഈ സംരംഭകർക്ക് നൽകാനും സാധിച്ചു. തുടർന്ന് കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭ വികസനത്തിലെ പ്രത്യാശ പദ്ധതിയിൽ ഉൾപ്പെടുത്തി എങ്കമജെ, കണ്ണാടി, പള്ളിക്കൽ, ഓങ്ങല്ലൂർ, തൃക്കടീരി, ഏലൂർ, വേങ്ങൂർ, കുന്നുകര, കറുകുറ്റി, തുടങ്ങിയ സ്ഥാപനങ്ങളിൽ ഇതു പോലെ പരിശീലനം നൽകി സംരംഭങ്ങൾ രൂപീകരിച്ചു. ഇപ്പോൾ കൂടുതൽ സ്ഥാപനങ്ങളിലേക്ക് അമ്മമാരുടെ തൊഴിൽ സംരംഭങ്ങൾ വ്യാപിപ്പിച്ചു കൊണ്ടിരിക്കുന്നു.

ഇവരുണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് സുസ്ഥിരമായ വിപണി നൽകുക എന്ന വെല്ലുവിളിയാണ് ഇപ്പോൾ ഞങ്ങൾക്ക് മുന്നിലുള്ളത്. അത് പരിഹാരിക്കാനുള്ള വഴികൾ കണ്ടെത്തുന്നതിനോടൊപ്പം തന്നെ കൂടുതൽ സ്ഥലങ്ങളിലേക്ക് ഈ മാതൃക വ്യാപിപ്പിക്കാനും പദ്ധതിയുണ്ട്.